ഏരിയകളുടെ നവീകരണം, പുതിയ ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട് രൂപീകരണം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ബ്ലോക്ക്-താലൂക്ക്-ജില്ലാ തലങ്ങളിൽ നടത്താറുള്ള സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, നിക്ഷേപ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സ്ബിഷനുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലന പരിപാടികൾ, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവയിലൂടെ സംരംഭകർക്ക് പ്രോൽസാഹനം നൽകിവരുന്നു.

നാസ്കോം, സി.ഐ.ഐ. തുടങ്ങിയ സ്ഥാപനങ്ങളുമായി യോജിച്ചുള്ള വ്യവസായ സംരംഭങ്ങൾ

170 (555) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാസ്കോം, സി.ഐ.ഐ. തുടങ്ങിയ സ്ഥാപനങ്ങളുമായി യോജിച്ച് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം ഉദ്ദേശിച്ച രീതിയിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവഴി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്; എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയേണ്ടതായിരുന്നു എന്നും അവ സാദ്ധ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഉപയോഗിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രകൃതി വാതക പൈപ്പ് ലൈൻ

171 (556) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി വാതകം കൊണ്ടുപോകുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സർവ്വെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ കടന്നു പോകുന്ന ഭാഗങ്ങളിലെ ജനങ്ങളിലുണ്ടായ ആശങ്ക പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തിനകത്തുകൂടി ബാംഗ്ലൂരിലേയ്ക്കും, മംഗലാപുരത്തേയ്ക്കും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുകൊണ്ട് സംസ്ഥാനത്തിനുണ്ടാകാവുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ GAIL-ന്റെ KKMBPL പ്രോജക്ടിന്റെ ഒന്നാം ഘട്ടത്തിൽ 45 കി.മീറ്ററിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത് ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്. രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്ത 503 കി.മീറ്ററിൽ പൂർണ്ണമായും സർവ്വേ പൂർത്തീകരിക്കുകയും Petroleum & Mineral Pipelines Act സെക്ഷൻ 6(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 367 കി. മീറ്ററിലും മഹസർ പൂർത്തിയാക്കിക്കഴിഞ്ഞു. നഷ്ടപരിഹാരം നൽകുവാനുള്ള ഭൂമിയുടെ അളവെടുപ്പും മഹസർ തയ്യാറാക്കലും 72% പൂർത്തിയാക്കി. എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ 100%-വും മലപ്പുറത്ത് 32%-വും കോഴിക്കോട് 9%-വും കണ്ണൂർ 86%-വും കാസർഗോഡ് 93%-വും മഹസർ പൂർത്തിയായിട്ടുണ്ട്.

(ബി) ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിന്, പഞ്ചായത്തുതലത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക, ഗ്യാസ് പൈപ്പ് ലൈനിന്റെ സുരക്ഷിതത്വം സംബന്ധിച്ച ലഘുലേഖകൾ വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രധാനമായും ചെയ്തുവരുന്നത്. പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ച് ജനങ്ങൾക്കുള്ള ഉൽക്കണ്ഠ അകറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഒരു വിദഗ്ധ പബ്ലിക് റിലേഷൻസ് ഏജൻസിയെ ചുമതലപ്പെടുത്തുകയും വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തി വരികയും ചെയ്യുന്നു. ഇതുകൂടാതെ സർക്കാർ തലത്തിൽ പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളുടേയും ഗെയിൽ അധികൃതരുടേയും ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചു ചേർക്കുകയും പദ്ധതിയുടെ സുരക്ഷിതത്വ സംവിധാനങ്ങളെപ്പറ്റിയും പദ്ധതിമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവത്കരിക്കുന്നതിനും ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഭാവിയിലെ ഊർജ്ജസ്രോതസ്സായ പ്രകൃതി വാതകം പൈപ്പ്ലൈൻ വഴി ലഭ്യമാക്കുന്നതിലൂടെ 'ഗെയിൽ പൈപ്പ്ലൈൻ പദ്ധതി' വഴി വളരെയധികം വ്യവസായങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കുവാൻ സാധിക്കുന്നതാണ്. സംസ്ഥാനത്തിനകത്തുതന്നെ ലഭ്യമാകുന്ന മണൽ, കളിമണ്ണ്, ജിപ്സം തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അസംസ്കൃത വസ്തുക്കൾ പ്രകൃതിവാതകം ഉപയോഗിച്ച് ഉന്നതനിലവാരമുള്ള refracting tiles, vitrified flooring tiles, ഗ്ലാസ്, സോപ്പ്, സാനിട്ടറി വെയേർസ് തുടങ്ങിയവ ഉൽപ്പാദിപ്പിക്കാനാകും. ഇതുവഴി സംസ്ഥാനത്തിന് വർഷത്തിൽ VAT നികുതിയിനത്തിൽ 1000 കോടിയിൽപ്പരം രൂപ വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് അന്തരീക്ഷ മലിനീകരണം തുലോം കുറവായതുമൂലം ഇത് ഹരിത ഇന്ധനം എന്നറിയപ്പെടുന്നു. LPG-യെക്കാൾ ചെലവു കുറഞ്ഞ ഈ വാതകം വീടുകളിലേയ്ക്ക് പൈപ്പ് ലൈനിലൂടെ എത്തിക്കുകവഴി കേരളത്തിൽ ഇപ്പോൾ നിലവിലുള്ള പാചകവാതക ക്ഷാമം പരിഹരിക്കുവാൻ സാധിക്കും. കൂടാതെ, വാഹനങ്ങൾക്കും വളം നിർമ്മാണത്തിനും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ഈ വാതകം ഉപയോഗിക്കാൻ സാധിക്കും. വാഹനങ്ങളിൽ പെട്രോൾ, ഡീസൽ എന്നിവയെക്കാൾ ചെലവുകുറഞ്ഞ Compressed Natural Gas(CNG) വിതരണവും ഈ പദ്ധതി ലക്ഷ്യമാക്കുന്നു.

നിക്ഷേപ സൗഹൃദ സംസ്ഥാനം

172 (557) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം പരിപാടികളുടെ ഭാഗമായി എന്ത് തുക സംസ്ഥാനത്ത് നിക്ഷേപമായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും സംസ്ഥാനത്തെ വ്യവസായ വികസനത്തിനും നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനും എമർജിംഗ് കേരള, 2012, യെസ് 2014, യെസ് ക്യാൻ 2015, വി മിഷൻ 2015 മുതലായ പരിപാടികൾ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിട്ടുണ്ട്. 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിലാണ് എമർജിംഗ് കേരള സംഗമം സംഘടിപ്പിച്ചത്.

കേരളത്തിലെ വിദ്യാർത്ഥി/യുവസംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനും അവരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിലേയ്ക്കുമായി 2014 സെപ്റ്റംബർ 12-ാം തീയതി കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ യുവ സംരംഭക സംഗമം (YES) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിന്റെ രണ്ടാം പതിപ്പായി യെസ് ക്യാൻ 2015 എന്ന പേരിൽ യുവ സംരംഭകർക്കായി ഒരു സംഗമവും കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.